(ഡി) 'ലക്ചറർ' നിയമനത്തിനായി യു. ജി. സി. നിയമ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഡോക്ടറേറ്റ് ബിരുദധാരികളെ യു. ജി. സി. നെറ്റിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 'ലക്ചറർ' നിയമനത്തിനുള്ള എലിജിബിലിറ്റി നൽകിക്കൊണ്ടുള്ള യു. ജി. സി. ഉത്തരവ് സംസ്ഥാനത്തെ സർവ്വകലാശാലകൾ അംഗീകരിച്ചു കൊണ്ട് ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ ;

(എഫ്) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 2000-2001 അദ്ധ്യയന വർഷത്തോടു കൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്ത് കോളേജുകളിൽ ആവശ്യമായി വരുന്ന ലക്ചറർ തസ്തികകൾ പ്രീഡിഗ്രി ഡീലിങ്കിനോടനുബന്ധിച്ച് രൂപീകൃതമായ എമ്പവേർഡ് കമ്മിറ്റി പരിശോധിച്ച് അർഹമായവ ഇപ്പോൾ തന്നെ അനുവദിക്കുന്നുണ്ട്.

(ഡി) പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രിക്ക് 55 ശതമാനം മാർക്ക് ഉണ്ടായിരിക്കണം. നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കും 19-9-1991 നു മുൻപ് പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രി എടുത്തവരും, ഡോക്ടറേറ്റ് നേടിയവരുമായ ഉദ്യോഗാർത്ഥികൾക്ക് പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രിക്കുള്ള മാർക്കിൽ 5 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഇ) ലക്ചറർ നിയമനത്തിന് ഡോക്ടറേറ്റ് ബിരുദധാരികളെ യു. ജി. സി. നെറ്റിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള യു . ജി. സി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത റഗുലേഷനിൽ വേണ്ട ഭേദഗതി വരുത്തിക്കൊണ്ട് കേരള സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† മറ്റു സർവ്വകലാശാലകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) യൂണിവേഴ്സിറ്റികളാണ് നടപടി എടുക്കേണ്ടത്.

പി. എസ്. സി. അംഗീകരിക്കാത്ത വൊക്കേഷണൽ ഹയർ സെക്കന്ററി ട്രേഡുകൾ

102 (2978) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളിൽ ആകെ എത്ര ട്രേഡുകൾ പഠന വിഷയങ്ങളായി ഏർപ്പെടുത്തിയിട്ടുണ്ട് ;

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയ ഏതെങ്കിലും ട്രേഡുകൾ പാഠ്യവിഷയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ഡി) വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളിലെ ട്രേഡുകളിൽ പി. എസ്. സി. അംഗീകരിക്കാത്ത കോഴ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ഇ) ഇവയ്ക്ക് പി. എസ്. സി. യുടെ അംഗീകാരം ലഭിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 45 ട്രേഡുകൾ പഠന വിഷയങ്ങളായി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. അംഗീകരിക്കാത്ത കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

ശ്രീ. പി. ജി. ഷാജിയുമായി ബന്ധപ്പെട്ട ഫയൽ താമസിപ്പിച്ച നടപടി

103 (2979) ശ്രീ. രാജുഎബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആങ്ങമുഴി ഹൈസ്കൂളിലെ പി. ജി. ഷാജി രാജു എബ്രഹാം എം. എൽ. എ. മുഖാന്തിരം 15-9-1999-ൽ നൽകിയ അപേക്ഷയിൻമേൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനിൽ എത്തിയ റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ബന്ധപ്പെട്ട സെക്ഷനിൽ എത്തുന്ന രേഖകളിൻമേൽ നടപടി സ്വീകരിക്കാതെ മറച്ചു വയ്ക്കാൻ ജീവനക്കാരന് അധികാരമുണ്ടോ ;

(ഡി) ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തുന്ന ഫയലുകളുടെ നീക്കം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഇപ്പോഴുള്ളത് ;

(ഇ) പി. ജി. ഷാജിയുടെ ഫയൽ ബന്ധപ്പെട്ട സീറ്റിൽ എത്തിയശേഷം മറ്റ് ഏതെങ്കിലും ഫയൽ സെക്ഷനിൽ നിന്നും തീർപ്പു കൽപിച്ചു വിട്ടിട്ടുണ്ടോ ;

(എഫ്) ശ്രീ പി. ജി. ഷാജിയുടെ അപേക്ഷ അടങ്ങുന്ന ഫയൽ ബോധപൂർവ്വം താമസിപ്പിച്ചതാണെങ്കിൽ അധികാര ദുർവിനിയോഗം നടത്തിയ പ്രസ്തുത

† അനുബന്ധം X .

LIBRARY ARCHIVES Kerala Legislative Assembly